6
വെള്ളി
2017 ജനുവരി
1192 ധനു 22

മക്തബ്

www.makthabdaily.com

VISMAYA SILKS
വിവാഹ പർച്ചേസുകൾക്ക് സ്പെഷ്യൽ ഡിസ്കൗണ്ട്

ഹോൾസെയിൽ
ബെൽസ്ക്വയർ ബിൽഡിംഗ്
Nr. ബദരിയ്യ പ്ലാസ
Opp. ബസ് സ്റ്റാന്റ്,
തളിപ്പറമ്പ
Ph: 0460 2207923

തളിപ്പറമ്പ | പുസ്തകം 10 ലക്കം 73 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2015-17 Ph: 0460- 2208010 പേജ് 4 വില: 4.00 രൂപ

ജില്ലയിൽ വൻ മയക്കുമരുന്ന്, വ്യാജമദ്യ വേട്ട: അഞ്ചുപേർ അറസ്റ്റിൽ

പിടികൂടിയവയിൽ മാരകമായ ലഹരി ഗുളികകളും

മുംബൈയിൽ നിന്ന് കടത്തിക്കൊണ്ടുവന്ന ബ്രൗൺഷുഗറും പിടികൂടി

കണ്ണൂർ: മയക്കുമരുന്നിനും വ്യാജമദ്യത്തിനുമെതിരെ എക്സൈസ് നടപടി കർശനമാക്കിയതോടെ ഇന്നലെ രാത്രിയും ഇന്ന് രാവിലെയുമായി ജില്ലയിൽ ലഹരി റാക്കറ്റിലെ നിരവധി പേർ കുടുങ്ങി. കൂത്തുപറമ്പ്, കൂട്ടുപുഴ, കണ്ണൂർ, തളിപ്പറമ്പ് എന്നിവിടങ്ങളിലാണ് മയക്കുമരുന്ന് വ്യാജമദ്യ വേട്ട നടന്നത്.

കൂത്തുപറമ്പിൽ കാറിൽ കടത്തുകയായിരുന്ന മാരക ലഹരി മരുന്ന് സഹിതം ഒരാളെ പിടികൂടി. പുന്നോൽ സ്വദേശി കരിയിൽ നടമ്മൽ നിസാറി(32)നെയാണ് കൂത്തുപറമ്പ് എക്സൈസ് റെയിഞ്ച് ഇൻസ്പെക്ടർ സി.വിപ്രഭാകരൻ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കെ.പുരുഷോത്തമൻ എന്നിവരുടെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. എക്സൈസ് കമ്മീഷണർക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് വാഹന പരിശോധന നടത്തിവരികയായിരുന്നു. എക്സൈസുകാരെ കണ്ട തോടെ കാർ വെട്ടിച്ച് രക്ഷപ്പെടാൻ ശ്രമിച്ച നിസാറിനെ പിന്തുടർന്ന് പൂക്കോട് വച്ച് പിടികൂടുകയായിരുന്നു. കാറിനകത്ത് 672 ലഹരി ഗുളികകളും 26 ഗ്രാം കഞ്ചാവുമാണ് ഉണ്ടായത്. പ്ലാറ്റ്ഫോമിലെ മാറ്റിനടിയിൽ സൂക്ഷിച്ച് വച്ച നിലയിലായിരുന്നു ഇവ. കെ.എൽ 60 -7495 മാരുതി കാറും കസ്റ്റഡിയിലെടുത്തു.

സ്പാസ്മോപ്രോക്സിവോൺ പ്ലസ് എന്ന ലഹരി ഗുളികയാണ് പിടിച്ചെടുത്തത്. ട്രാമഡോൾ എന്ന ലഹരി വസ്തു അടങ്ങിയ ഈ ഗുളിക മാരകമാണത്രെ. ഒരു തവണ ഉപയോഗിച്ചാൽ പിന്നീട് ഒരിക്കലും ഒഴിവാക്കാൻ കഴിയില്ലത്രെ. കോളേജ് വിദ്യാർത്ഥികളാണ് ഇവ പ്രധാനമായും ഉപയോഗിക്കുന്നത്. ജില്ല യിൽ ലഹരി ഗുളികകളും കഞ്ചാവും വിതരണം ചെയ്യുന്ന സംഘത്തിലെ പ്രധാനിയാണത്രെ നിസാർ. പ്രിവന്റീവ് ഓഫീസർമാരായ പി.സി.ഷാജി, പി.രവീന്ദ്രൻ, സിവിൽ എക്സൈസ് ഓഫീസർമാരായ എ.കെ. ബിജു, പി.ജലീഷ്, ജെ.എസ്.ബാബു, ചന്ദ്രശേഖരൻ, ഇസ്മയിൽ, അനീഷ്കുമാർ എന്നിവരും നിസാറിനെ പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

500 പൗച്ച് ബ്രൗൺ ഷുഗർ സഹിതം രണ്ടുപേരെ ഇന്ന് രാവിലെ ഏഴുമണിയോടെ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ വച്ച് എക്സൈസ് ഇൻസ്പെക്ടർ ഷർഫുദ്ദീന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തു. പള്ളിയാംമൂല മണൽ സ്വദേശി സി.പി.മനാഫ് (29), താളിക്കാവിലെ തളികപ്പുര ജിജേഷ് (36) എന്നിവരാണ് പിടിയിലായത്. കുർള എക്സ്പ്രസിൽ എത്തിയവരായിരുന്നു ഇവർ. മുംബൈയിൽ നിന്ന് ബ്രൗൺ ഷുഗർ ശേഖരിച്ച് കണ്ണൂരിൽ വിൽപ്പനക്ക് കൊണ്ടുപോവുകയായിരുന്നു. വിപണിയിൽ രണ്ടര ലക്ഷം രൂപയോളം വിലമതിക്കുന്ന ബ്രൗൺഷുഗറാണ് പിടികൂടിയത്. സിവിൽ എക്സൈസ് ഓഫീസർമാരായ ജോർജ് ഫെർണാണ്ടസ്, നിഷാദ്, എം.സജിത്ത്, മുഹമ്മദ് ഹുസൈൻ, ഡ്രൈവർ ഗിരീഷ് എന്നിവരും ഇവരെ പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

കൂട്ടുപുഴ എക്സൈസ് ചെക്പോസ്റ്റിൽ വച്ച് ബസിൽ കടത്തുകയായിരുന്ന 19 കുപ്പി കർണ്ണാടക മദ്യവും രണ്ടു കിലോ പാൻമസാലയും ഇൻസ്പെക്ടർ വി.ആർ.ദേവദാസിന്റെ നേതൃത്വത്തിൽ പിടികൂടി. വീരാജ്പേട്ടയിൽ നിന്ന് ഇരിട്ടിയിലേക്കുള്ള സ്വകാര്യ ബസിലായിരുന്നു ഇവ കടത്തികൊണ്ടുവന്നത്. പ്രിവന്റീവ് ഇൻസ്പെക്ടർമാരായ കെ.പി.വിജയൻ, അഡ്രോൺ ഗോഡ്ഫ്രഡ്, സി.ഇ.ഒമാരായ ടി.കെ.തോമസ്, കെ.അ ഹമ്മദ് എന്നിവരും ഇവ പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

മൈസൂരിൽ നിന്ന് കടത്തികൊണ്ടുവരികയായിരുന്ന അര കിലോ കഞ്ചാവ് കിളിയന്തറയിൽ വച്ച് എക്സൈസ് ഇൻസ്പെക്ടർ വി.ആർ.ദേവദാസിന്റെ നേതൃത്വത്തിൽ പിടികൂടി. മടിക്കേരി സ്വദേശി എച്ച് എം.ഉദേശിനെ അറസ്റ്റ് ചെയ്തു.

തളിപ്പറമ്പ: 50 ഗ്രാം ഉണക്ക കഞ്ചാവുമായി മധ്യവയസ്കനെ തളിപ്പറമ്പ എക്സൈസ് സംഘം അറസ്റ്റ് ചെയ്തു. പാപ്പിനിശേരി വേളാപുരത്തെ തോലിച്ചി കണ്ടത്തിൽ മഹമൂദിനെ(54)യാണ് ഇന്ന് രാവിലെ 8.30ന് മാർക്കറ്റ് റോഡിൽ വെച്ച് അറസ്റ്റ് ചെയ്തത്. കടലാസിൽ പൊതിഞ്ഞ നിലയിലായിരുന്നു കഞ്ചാവ്. എക്സൈസ് ഇൻസ്പെക്ടർ എം. രാമചന്ദ്രൻ, പ്രിവന്റീവ് ഓഫീസർ കെ. പി. മധുസൂദനൻ, സി.ഇ.ഒമാരായ വി.വി. ബിജു, സി. എച്ച്. ഫെമിൻ, കെ. രാജേഷ്, പി. പി. രജിരാഗ്, ഡ്രൈവർ സി. വി. അനിൽകുമാർ എന്നിവർ ചേർന്നാണ് മഹമ്മൂദിനെ പിടികൂടിയത്. പ്രതിയെ തളിപ്പറമ്പ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കി.

കൂത്തുപറമ്പിൽ ലഹരി ഗുളികകളും കഞ്ചാവും സഹിതം പിടിയിലായ നിസാർ (കൈകെട്ടി നിൽക്കുന്നത്)

കണ്ണൂരിൽ ബ്രൗൺഷുഗർ സഹിതം പിടിയിലായ മനാഫും ജിജേഷും (മധ്യത്തിലുള്ളവർ)

കൂട്ടുപുഴയിൽ എക്സൈസ് സംഘം പിടികൂടിയ മദ്യവും പാൻമസാലയും

ആലക്കോട് കള്ളത്തോക്ക് നിർമ്മാണത്തിനിടെ നാടൻ തോക്കിന്റെ കാഞ്ചി സഹിതം ഒരാൾ അറസ്റ്റിൽ

ആലക്കോട്: കള്ളത്തോക്ക് നിർമ്മാണത്തിനിടെ നാടൻ തോക്കിന്റെ സാമഗ്രികൾ സഹിതം ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. വെള്ളാട് ഭാരപ്പൻകുന്ന് സ്വദേശി വയലിൽ വി. ആർ.മണി(55)യെയാണ് ആലക്കോട് എസ്.ഐ ടി.വി.അശോകനും സംഘവും അറസ്റ്റ് ചെയ്തത്. കൊല്ലപ്പണിക്കാരനാണ് മണി. വീടിനോട് ചേർന്നുള്ള ഷെഡിലാണ് ഇയാൾ കൊല്ലപ്പണി നടത്തിവന്നിരുന്നത്. ഒറ്റത്തെ സ്വദേശിയായ മണി ഏറെക്കാലം കുടിയാന്മല ടൗണിന് സമീപമായിരുന്നു താമസം. കുറച്ചു കാലം മുമ്പാണ് ഭാരപ്പൻകുന്നിലേക്ക് താമസം മാറിയെത്തിയത്. ഇയാളുടെ ആല കേന്ദീകരിച്ച് കള്ളത്തോക്ക് നിർമ്മാണം നടന്നുവരുന്നതായി രഹസ്യ വിവരം ലഭിച്ചതോടെ റെയ്ഡ് നടത്തുകയായിരുന്നു. പോലീസിനെ കണ്ട് ഓടിരക്ഷപ്പെടാൻ ശ്രമിച്ച മണിയെ വീടിനോട് ചേർന്നുള്ള കിണറിന്റെ സമീപത്ത് പിന്തുടർന്ന് പിടികൂടുകയായിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിലാണ് തോക്കിന്റെ കാഞ്ചി ഉൾപ്പെടെ ഇരുമ്പ് ഭാഗം കണ്ടെടുത്തത്. തോക്ക് നിർമ്മാണത്തിന്റെ ഭാഗമായുള്ള മെഷീൻ കൂട്ട് നിർമ്മാണമാണ് ഇയാൾ ഇവിടെ നടത്തി വന്നിരുന്നതെന്ന് പോലീസ് അറിയിച്ചു. ആലയിൽ കാര്യമായ പണിയില്ലാതിരുന്നിട്ടും ഇയാൾ സ്ഥിരമായി രാത്രിയിലും പകലും തിരക്ക് പിടിച്ച ജോലിയിൽ ഏർപ്പെടുന്നുണ്ടെന്ന രഹസ്യ വിവരത്തെ തുടർന്നാണ് പോലീസ് ഇവിടെ റെയ്ഡ് നടത്തിയത്. നായാട്ട് സംഘങ്ങൾക്ക് വേണ്ടിയാണ് ഇയാൾ തോക്ക് നിർമ്മിച്ചു വന്നിരുന്നതെന്നാണ് സൂചന. ഇതുസംബന്ധിച്ച ചില സൂചനകൾ പോലീസിന് ലഭിച്ചിട്ടുണ്ട്. അടുത്ത കാലത്തായി കേരള-കർണ്ണാടക അതിർത്തിയിലെ കരാമരംതട്ട് വനത്തിൽ വെച്ച് കള്ളത്തോക്കുകൾ സഹിതം നിരവധി നായാട്ട് സംഘത്തെ വനം വകുപ്പ് അറസ്റ്റ് ചെയ്തിരുന്നു. ഇതിലുൾപ്പെട്ട പല പ്രമുഖരും ഇപ്പോൾ ഒളിവിലാണ്. ഇത്തരം സംഘങ്ങൾക്ക് തോക്ക് നിർമ്മിച്ച് നൽകിയത് ഉൾപ്പെടെയുള്ള സംഭവങ്ങളിൽ മണിക്ക് ബന്ധമുള്ളതായാണ് സൂചന. മണിയുടെ തോക്ക് നിർമ്മാണത്തിന് പിന്നിലുള്ള വരെക്കുറിച്ചും പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പൈതൽമല, കുടിയാന്മല, കർണ്ണാടക വനങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വൻതോതിൽ നായാട്ട് നടന്നുവരുന്നതായാണ് വിവരം. സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ അഗസ്റ്റിൻ, റെജി, സുരേഷ് എന്നിവരും എസ്. ഐക്ക് ഒപ്പമുണ്ടായിരുന്നു. മണിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

അറസ്റ്റിലായ മണി, എസ്.ഐ അശോകനൊപ്പം. പിടികൂടിയ തോക്കിന്റെ കാഞ്ചി (മുകളിൽ)

സി.പി.എം, ഡി.വൈ.എഫ്.ഐ കൊടികളും ബസ് കാത്തിരിപ്പു കേന്ദ്രവും നശിപ്പിച്ചു

കണ്ണൂർ: കക്കാട്, കുഞ്ഞിപ്പള്ളി ഭാഗങ്ങളിൽ ഡി.വൈ.എഫ്.ഐ, സി.പി.എം കൊടികൾ വ്യാപകമായി നശിപ്പിച്ചു. ബസ് കാത്തിരിപ്പ് കേന്ദ്രവും തകർത്തു. കൊടികൾ പിഴുത് നശിപ്പിക്കുകയായിരുന്നു. ലക്ഷ്മണൻ കട എന്ന സ്ഥലത്തെ ബസ് കാത്തിരിപ്പുകേന്ദ്രമാണ് അടിച്ചു തകർത്തത്. ഇവിടെയുണ്ടായിരുന്ന സി.പി.എം പതാക കത്തിച്ചതായും പരാതിയുണ്ട്. ഇന്നലെ രാത്രിയാണ് സംഭവം. സമാധാന അന്തരീക്ഷം നിലനിൽക്കുന്ന പ്രദേശത്ത് ബോധപൂർവം സംഘർഷം സൃഷ്ടിക്കാനുള്ള സാമൂഹ്യ വിരുദ്ധ ശ്രമമാണ് ഇതെന്ന് സി.പി.എം ഏരിയാ സെക്രട്ടറി കെ.പി.സുധാകരൻ ആരോപിച്ചു.

ബി. ജെ. പി. പ്രവർത്തകനെ മർദിച്ചു; എരഞ്ഞോളിയിൽ ഹർത്താൽ

തലശേരി: എരഞ്ഞോളി പാലത്തിന് സമീപത്തെ ബി.ജെ.പി പ്രവർത്തകൻ ബവിഷ നിവാസിൽ കെ. സുനിൽകുമാറി (40)നെ മർദനമേറ്റ നിലയിൽ തലശേരി ഇന്ദിരാഗാന്ധി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വർക്ക്ഷോപ്പ് നടത്തുന്ന സുനിലിനെ ഇന്നലെ വൈകുന്നേരം ഒരുസംഘം കടയിൽ കയറി മർദിച്ചുവെന്നാണ് പരാതി. സി.പി.എമ്മുകാരാണ് അക്രമത്തിന് പിറകിലെന്ന് ബി. ജെ.പി ആരോപിച്ചു. തലക്കും മറ്റുമാണ് പരിക്കേറ്റത്. സംഭവത്തിൽ പ്രതിഷേധിച്ച് ബി.ജെ.പി. ആഹ്വാനപ്രകാരം എരഞ്ഞോളിയിൽ ഹർത്താൽ ആചരിക്കുകയാണ്. സുനിൽകുമാറിനെ അക്രമിച്ചതിനെ തുടർന്ന് ബി.ജെ.പി പ്രവർത്തകർ സംഘടിച്ചെത്തി റോഡരികിലെ മൽസ്യ വിൽപ്പന ഷെഡ് തകർത്തു. ഇന്ന് പുലർച്ചെയോടെ സി.പി.എമ്മിന്റെ കൊടിമരവും പ്രചരണ ബോർഡുകളും നശിപ്പിച്ചതായി പരാതിയുണ്ട്. നേരത്തെ സി. പി.എം പ്രവർത്തകനായിരുന്നു സുനിൽ. ഒരു ബോംബേർ കേസിൽ പ്രതിയായ ഇയാൾ അടുത്ത കാലത്താണ് ജാമ്യത്തിലിറങ്ങിയത്. അമിത്ത്, സുമിത്ത്, കെ.പി. സുനിൽ, സുബി എന്നിവരാണ് സുനിൽകുമാറിനെ അക്രമിച്ചതെന്നാണ് പരാതി.

വീട്ടിൽ കയറി യുവതിയുടെ മാല പൊട്ടിച്ചെടുത്തു

കണ്ണൂർ: വീടിനകത്ത് കയറിയ മോഷ്ടാവ് ഉറങ്ങി കിടക്കുകയായിരുന്ന യുവതിയുടെ രണ്ടേമുക്കാൽ പവന്റെ സ്വർണ്ണമാല പൊട്ടിച്ചെടുത്തു. കടമ്പൂർ ഇംഗ്ലീഷ് മീഡിയം സ്കൂളിന് സമീപത്തെ രാധയുടെ വീട്ടിലാണ് കവർച്ച. പുലർച്ചെ 1.30ഓടെ അടുക്കള വാതിൽ തകർത്താണ് കള്ളൻ അകത്തുകയറിയത്. രാധയുടെ മകന്റെ ഭാര്യ രമ്യയുടെ മാലയാണ് പൊട്ടിച്ചെടുത്തത്. രമ്യ ഉണർന്ന് ബഹളം വെക്കുമ്പോഴേക്കും കള്ളൻ ഓടി രക്ഷപ്പെട്ടു.

മാവോയിസ്റ്റ് വേട്ടയ്ക്കിടെ നാടൻ തോക്ക് പിടികൂടി

വെള്ളരിക്കുണ്ട്: മാവോയിസ്റ്റുകളെ കണ്ടുവെന്ന അഭ്യൂഹത്തെ തുടർന്ന് തെരച്ചിലിന് ഇറങ്ങിയ പോലീസ് നാടൻതോക്ക് പിടികൂടി. മാലോം നമ്പ്യാർമലയിലെ വനമേഖലക്ക് സമീപത്തെ ഭാസ്കരന്റെ വീട്ടിൽ നിന്നാണ് നാടൻതോക്ക് പിടിച്ചെടുത്തത്. പത്ത് തിരകളും ഈയത്തിന്റെ 25 ഉണ്ടകളും കണ്ടെടുത്തു. സംശയത്തെ തുടർന്ന് ഭാസ്കരന്റെ വീട്ടിൽ റെയ്ഡ് നടത്തുകയായിരുന്നു.

പ്രശസ്ത നടൻ ഓംപുരി അന്തരിച്ചു



മുംബൈ: നവ സിനിമാ പ്രസ്ഥാനത്തിന്റെ മുന്നണിയിൽ നിന്നിരുന്ന പ്രശസ്ത നടൻ ഓംപുരി അന്തരിച്ചു. 66 വയസായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം. മൃതദേഹം അന്ധേരിയിലെ വീട്ടിൽ പൊതുദർശനത്തിന് വച്ചിരിക്കുകയാണ്.

40 വർഷം ഇന്ത്യൻ സിനിമകളിൽ നിറഞ്ഞുനിന്ന ഓംപുരി 1950 ഒക്ടോബർ 18ന് ഹരിയാനയിലെ അംബാലയിലാണ് ജനിച്ചത്. പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, ഡൽഹി നാഷണൽ സ്കൂൾ ഓഫ് ഡ്രാമ എന്നിവിടങ്ങളിൽ നിന്ന് ചലച്ചിത്രത്തിന്റെയും നാടകത്തിന്റെയും വ്യാകരണം ഹൃദ്യസ്ഥമാക്കി പുറത്തിറങ്ങിയ അദ്ദേഹം മറാഠി നാടകങ്ങളിലാണ് ആദ്യം അഭിനയിച്ചത്. 1976ൽ മറാഠി ചിത്രമായ ഘാഷിറാം കോട്യാളിയിലൂടെയായിരുന്നു സിനിമ ലോകത്തേക്ക് കടന്നത്. പിന്നീട് ഹിന്ദി, പഞ്ചാബി, കന്നട, തമിഴ്, മലയാളം തുടങ്ങി വിവിധ ഇന്ത്യൻ ഭാഷകളിൽ 200 ഓളം ചിത്രങ്ങളിൽ അഭിനയിച്ചു. പാക്കിസ്ഥാൻ ചിത്രങ്ങളിലും ഹോളിവുഡിലും തിളങ്ങിയ ഓംപുരിയുടെ സിറ്റി ഓഫ് ജോയ് എന്ന ഹോളിവുഡ് ചിത്രം അന്താരാഷ്ട്രതലത്തിൽ ഏറെ ശ്രദ്ധപിടിച്ചുപറ്റിയിരുന്നു. 1982ൽ ആരോഹൺ, 84-ൽ അർദ്ധ സത്യ എന്നീ ചിത്രങ്ങളിലൂടെ മികച്ച നടനുള്ള ദേശീയ പുരസ്കാരം ഓംപുരി എന്ന നടന പ്രതിഭയെ തേടിയെത്തി. 1990ൽ പത്മശ്രീ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. പുരാവൃത്തം, സംവൽസരം, ആടുപുലിയാട്ടം എന്നീ മലയാള സിനിമകളിലും അഭിനയിച്ചിട്ടുണ്ട്. നന്ദിതയായിരുന്നു ഓംപുരിയുടെ ഭാര്യ. 1993ൽ വിവാഹിതരായ ഇവർ 2013ൽ വേർപിരിഞ്ഞു. നന്ദിതയാണ് ഓംപുരിയുടെ ജീവചരിത്രം രചിച്ചത്-അൺലൈക്കിലി ഹീറോ: ദ സ്റ്റോറി ഓഫ് ഓംപുരി എന്നാണ് പുസ്തകത്തിന്റെ പേര്. ഇഷാൻ പുരി ഏകമകൻ.

ഹിന്ദി സിനിമയുടെ ഭാവുകത്വത്തിൽ മാറ്റം വരുത്തിയ മഹാനടൻ

പേജ് നാലിൽ

വിട്ടുമാറാത്ത തുമ്മൽ, ശ്വാസംമുട്ടൽ, ത്വക്രോഗങ്ങൾ എന്നിവ മാറാൻ മരുന്നില്ലാതെ ചികിത്സ നാളെ തളിപ്പറമ്പ് യതീംഖാനയിൽ

തളിപ്പറമ്പ: തളിപ്പറമ്പ് യതീംഖാനയിൽ നാളെ (ശനി) രാവിലെ 7 മണി മുതൽ ഉച്ചക്ക് 1 മണിവരെ അക്യുപങ്ചർ ചികിത്സ ലഭിക്കും. മരുന്നില്ലാത്ത അക്യുപങ്ചർ നാഡി പരിശോധന ചികിത്സ എല്ലാ രോഗങ്ങൾക്കും ഫലപ്രദമാണ്. ഈ ചികിത്സ കൊണ്ട് ശരീരത്തിന്റെ മൊത്തം രോഗ പ്രതിരോധശേഷി വർധിക്കും. പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദ്ദം, ഹൃദ്രോഗം, കിഡ്നിയിലെ കല്ല്, മൂത്രക്കല്ല്, വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, ഓർമ്മക്കുറവ്, തലവേദന, ചെന്നിക്കുത്ത്, കൈകാൽ മുട്ടുവേദന, ഊരുവേദനകൾ, തരിപ്പുകൾ തുടങ്ങി ശരീരത്തിലെ എല്ലാവേദനകളും കൈകാൽ വിള്ളൽ, ടോൺസൺസ്, തൈറോയിഡ്, ചുമ, അലർജി, കഫക്കെട്ട് തുടങ്ങി എല്ലാ രോഗങ്ങൾക്കും കുട്ടികളിലെ ഉറക്കത്തിൽ മൂത്രമൊഴിക്കൽ, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും, ഓർമ്മശക്തി വർധിപ്പിക്കാനും ഈ ചികിത്സ ഉപകരിക്കും. വിശദ വിവരങ്ങൾക്ക് 9142022833 എന്ന നമ്പറിൽ ബന്ധപ്പെടണം.

Advt